ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 22.07.2026 TIME : 07.25 PM

## പ്രധാന വാർത്തകൾ

1) നോർത്ത് മാസിഡോണിയ സന്ദർശനത്തിനിടെ സ്കോപ്യേ സിറ്റി മ്യൂസിയത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു മഹാത്മാഗാന്ധിയുടെ അർദ്ധകായ പ്രതിമ അനാച്ഛാദനം ചെയ്തു.

   **President Droupadi Murmu unveils Mahatma Gandhi's bust at Skopje City Museum in North Macedonia**

2) നീറ്റ് പരീക്ഷ ഉൾപ്പെടെ വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെത്തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   **Both Houses of Parliament adjourn for the day following opposition protests over NEET Exam and other Issues.**

3) വിദ്യാർത്ഥികളുടെ പ്രതീക്ഷകൾ നിറവേറ്റുന്നതിനും യുവജനക്ഷേമം ഉറപ്പാക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

   **Government remains committed to fulfilling student expectations and ensuring Youth Welfare, says Defence Minister Rajnath Singh**

4) തിങ്കളാഴ്ച നടന്ന പാർലമെന്റ് മാർച്ചിൽ പോലീസ് ബലപ്രയോഗം നടത്തിയെന്ന പരാതിയിൽ കേന്ദ്രത്തോടും

ഡൽഹി പോലീസിനോടും വിശദീകരണം തേടി ഡൽഹി ഹൈക്കോടതി.

**Delhi High Court seeks response from Centre and Delhi Police over alleged excessive force during Parliament march.**

5) കേരളത്തിലെ കോളേജുകളിലും പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിംങ് തടയാനായി പുതിയ നിയമം കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ.

**Chief Minister V.D. Satheesan announces new law to prevent ragging in Colleges and Professional Educational Institutions across Kerala**

6) കോമൺവെൽത്ത് ഗെയിംസിന് നാളെ സ്കോട്ട് ലണ്ടിലെ ഗ്ലാസ്ഗോയിൽ തുടക്കം.

**Commonwealth Games begin tomorrow in Glasgow, Scotland**

*******************************************

## PREZ-NORTH MACEDONIA-MAHATMA GANDHI

നോർത്ത് മാസിഡോണിയ സന്ദർശനത്തിനിടയിൽ സ്കോപ്യേ സിറ്റി മ്യൂസിയത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു മഹാത്മാഗാന്ധിയുടെ അർദ്ധകായ പ്രതിമ അനാച്ഛാദനം ചെയ്തു. ഗാന്ധിജിയുടെ സത്യത്തിന്റെയും അഹിംസയുടെയും സന്ദേശം മാനവരാശിക്കാകെ ഉള്ളതാണെന്ന് ചടങ്ങിൽ രാഷ്ട്രപതി പറഞ്ഞു. സംഘർഷങ്ങളും അസഹിഷ്ണുതയും നിറഞ്ഞ ഇന്നത്തെ ലോകത്തിൽ ഗാന്ധിജിയുടെ ആശയങ്ങൾക്ക് ഏറെ പ്രസക്തിയുണ്ടെന്നും രാഷ്ട്രപതി വ്യക്തമാക്കി.

*******************************************

## LS RS - ADJOURN(INTRO)

വിവിധ വിഷയങ്ങളിലെ പ്രതിപക്ഷ പ്രതിഷേധത്തെത്തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. നീറ്റ് പരീക്ഷാ പേപ്പർ ചോർച്ചയും വിദ്യാർത്ഥി പ്രതിഷേധങ്ങളും ഉൾപ്പെടെയുള്ളവ

പ്രതിപക്ഷ എംപിമാർ പാർലമെന്റിൽ ഉന്നയിച്ചു. **വിശദാംശങ്ങളിലേക്ക്.**

( **വോയിസ്.....**)

രാവിലെ ചോദ്യോത്തരവേള ആരംഭിക്കാൻ സ്പീക്കർ ഓം ബിർള ശ്രമിച്ചെങ്കിലും പ്രതിപക്ഷ പ്രതിഷേധം ശക്തമായതിനെ തുടർന്ന് ലോക്സഭ ഉച്ചയ്ക്ക് 12 മണി വരെ നിർത്തിവെച്ചു. 12 മണിക്ക് സഭ വീണ്ടും ചേർന്നപ്പോഴും പ്രതിഷേധം തുടർന്നു. നീറ്റ് ചോദ്യപേപ്പർ ചോർച്ചയിൽ ചർച്ച നടത്താൻ സർക്കാർ തയ്യാറാണെന്ന് കേന്ദ്ര പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു. രാജ്യത്തെ യുവാക്കളുടെ ഭാവി കണക്കിലെടുത്ത്, എല്ലാ കക്ഷികളെയും ഉൾപ്പെടുത്തി ക്രിയാത്മകമായ ചർച്ചയാണ് സർക്കാർ ആഗ്രഹിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഉച്ചയ്ക്ക് 2 മണിക്ക് സഭ വീണ്ടും ചേർന്നപ്പോൾ, പ്രതിപക്ഷം മുദ്രാവാക്യം വിളികളുമായി വീണ്ടും രംഗത്തെത്തി. രാജ്യസഭയിലും സമാന സംഭവങ്ങൾ അരങ്ങേറി. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി രാജിവെക്കണമെന്നും രാജിയില്ലെങ്കിൽ ചർച്ച നടക്കില്ലെന്നും പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖാർഗെ ആവശ്യപ്പെട്ടു. അതിനിടെ, വനിതാ എംപിമാർക്കെതിരെ അധിക്ഷേപകരമായ പരാമർശം നടത്തിയെന്നാരോപിച്ച് തൃണമൂൽ എംപി കല്യാൺ ബാനർജിയെ ലോക്സഭയിൽ നിന്ന് സസ്പെൻഡ് ചെയ്യുകൊണ്ടുള്ള പ്രമേയവും ഇന്ന് പാസാക്കി. **ന്യൂസ്ഡെസ്ക് ആകാശവാണി......**

***************************************

## HC - DELHI PROTEST

തിങ്കളാഴ്ച നടന്ന പാർലമെന്റ് മാർച്ചിൽ പ്രതിഷേധക്കാർക്ക് നേരെ പോലീസ് അമിതമായി ബലപ്രയോഗം നടത്തിയെന്ന പരാതിയിൽ കേന്ദ്ര സർക്കാരിനോടും ഡൽഹി പോലീസിനോടും ഡൽഹി ഹൈക്കോടതി വിശദീകരണം തേടി. സിസിടിവി ദൃശ്യങ്ങളും വീഡിയോ റെക്കോർഡിംഗുകളും അടക്കം പോലീസ് നടപടിയുമായി ബന്ധപ്പെട്ട എല്ലാ തെളിവുകളും സുരക്ഷിതമായി സൂക്ഷിക്കാൻ ചീഫ് ജസ്റ്റിസ് ഡി.കെ. ഉപാധ്യായ, ജസ്റ്റിസ് തേജസ് കരിയ എന്നിവരടങ്ങിയ ബെഞ്ച് നിർദ്ദേശം നൽകി. പൊതുതാൽപ്പര്യ ഹർജിയിൽ മറുപടി

നൽകാൻ അധികൃതർക്ക് കോടതി നാലാഴ്ചത്തെ സമയം അനുവദിച്ചു. കേസ് വീണ്ടും സെപ്റ്റംബർ 11-ന് പരിഗണിക്കും.

******* ***** **** ************** *** *****

## RAJNATH- PROTEST (INTRO)

വിദ്യാർത്ഥികളുടെ പ്രതീക്ഷകൾ നിറവേറ്റുന്നതിനും യുവജനക്ഷേമം ഉറപ്പാക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ തുടരുന്ന പ്രതിഷേധങ്ങളിൽ അദ്ദേഹം ആശങ്ക രേഖപ്പെടുത്തി. യുവജനങ്ങളുടെ വികാരങ്ങളും ആശങ്കകളും കേന്ദ്ര സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നതെന്നും, വിദ്യാർത്ഥികൾ ഉന്നയിക്കുന്ന വിഷയങ്ങൾ പരിഹരിക്കാൻ സർക്കാർ തയ്യാറാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(വോയ്സ്)

******* ***** **** ************** *** *****

## LS - RAILWAY SAFETY

ആധുനിക സാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യ വികസനം, കൃത്യമായ അറ്റകുറ്റപ്പണികൾ എന്നിവയിലൂടെ രാജ്യത്തെ റെയിൽവേ സുരക്ഷ കൂടുതൽ ശക്തമാക്കിയതായി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ലോക്സഭയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. കവച് 4.0 സംവിധാനമുൾപ്പെടെയുള്ള റെയിൽ സുരക്ഷാ നടപടികൾ സ്വീകരിച്ചതിലൂടെ ട്രെയിൻ അപകടങ്ങളുടെ എണ്ണത്തിൽ വൻ കുറവുണ്ടായതായും ശ്രീ അശ്വിനി വൈഷവ് പറഞ്ഞു.

******* ***** **** ************** *** *****

## JAISHANKAR- CANADA FM

ഈസ്റ്റ് ഏഷ്യ ഉച്ചകോടിയ്ക്കും ആസിയാൻ റീജിയണൽ ഫോറം യോഗങ്ങൾക്കും അനുബന്ധമായി കേന്ദ്ര വിദേശകാര്യമന്ത്രി എസ്. ജയശങ്കർ കനേഡിയൻ വിദേശകാര്യമന്ത്രി അനീറ്റ ആനന്ദുമായി കൂടിക്കാഴ്ച നടത്തി. ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം വളരുകയാണെന്ന് കൂടിക്കാഴ്ചയ്ക്ക് ശേഷം അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഫിലിപ്പീൻസ്, റഷ്യ, സിംഗപ്പൂർ എന്നീ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായും ശ്രീ ജയശങ്കർ കൂടിക്കാഴ്ച നടത്തി.

*******************************************

## KERALA CABINET

കേരളത്തിൽ പുതിയ ആന്റി-റാഗിങ് നിയമവും പരാതികൾ സമർപ്പിക്കാൻ 'മൊബൈൽ ആപ്പും' കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. കയർ മേഖലയെ സഹായിക്കാൻ ലക്ഷ്യമിട്ട് ഓണക്കാലത്ത് ഉത്പന്നങ്ങൾ വിറ്റഴിക്കാൻ പ്രത്യേക ക്യാമ്പയിൻ നടത്തുമെന്നും വൈദ്യുതി പ്രതിസന്ധി മറികടക്കാൻ ഓപ്പൺ മാർക്കറ്റിൽ നിന്ന് 200 മെഗാവാട്ട് വൈദ്യുതി വാങ്ങുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ദുരിതാശ്വാസ നിധിയിൽ നിന്ന് കഴിഞ്ഞ രണ്ട് മാസത്തിനിടെ 24.15 കോടി രൂപ വിതരണം ചെയ്തതായും വഖഫ് വിഷയത്തിൽ കോടതി നിർദേശങ്ങൾക്കനുസരിച്ച് തക്കതായ തീരുമാനമെടുക്കുമെന്നും അദ്ദേഹം അറിയിച്ചു. മന്ത്രി സഭായോഗത്തിന് ശേഷം വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

*******************************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*******************************************

## COMMON WEALTH

കോമൺവെൽത്ത് ഗെയിംസ് -2026 ന് സ്കോട്ട്ലണ്ടിലെ ഗ്ളാസ്ഗോയിൽ നാളെ തുടക്കമാകും. 13 ഇനങ്ങളിലായി 120-ലേറെ താരങ്ങളാണ് ഇന്ത്യയ്ക്കായി മത്സരത്തിനിറങ്ങുന്നത്. അത്ലറ്റിക്സ്, ബോക്സിങ്, ഭാരോദ്വഹനം എന്നിവയിലാണ് ഇന്ത്യയുടെ മെഡൽ പ്രതീക്ഷ. 2022 ലെ കോമൺ വെൽത്ത് ഗെയിംസിൽ ഇന്ത്യ 22 സ്വർണം ഉൾപ്പെടെ 61 മെഡലുമായി നാലാം സ്ഥാനത്ത് എത്തിയിരുന്നു. ഓഗസ്റ്റ് 2 നാണ് ഗെയിംസിന്റെ സമാപനം .

*******************************************

## INDIA - SIMBABWE T20

ഇന്ത്യ - സിംബാബ്‌വെ ടി - ട്വന്റി പരമ്പരയ്ക്ക് നാളെ തുടക്കമാകും. സിംബാബ്‌വെയിലെ ഹരാരേയിൽ വൈകിട്ട് 4.30 നാണ് മത്സരം. മൂന്ന് മത്സരങ്ങളാണ് പരമ്പരയിലുള്ളത്. രണ്ടാം മത്സരം ശനിയാഴ്ചയും അവസാന മത്സരം ഞായറാഴ്ചയും നടക്കും.

*******************************************

## MANDAVIYA- COMMONWEALTH GAMES

ഗ്ലാസ്ഗോയിൽ ലെസോത്തോ കായിക മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം ഇരുരാജ്യങ്ങളും തമ്മിലുള്ള കായികബന്ധം കൂടുതൽ ശക്തിപ്പെടുമെന്ന് കേന്ദ്രമന്ത്രി മൻസുഖ് മാണ്ഡവ്യ അറിയിച്ചു. ലെസോത്തോയ്ക്ക് സ്പോർട്സ് സയൻസിലും പരിശീലനത്തിലും കായിക വിദ്യാഭ്യാസത്തിലും ഇന്ത്യ പിന്തുണ നൽകുമെന്നും, ഇന്ത്യൻ താരങ്ങളുടെ ട്രെയിനിങ്ങിനായി ലെസോത്തോയിലെ ഉയർന്ന പ്രദേശങ്ങൾ പ്രയോജനപ്പെടുത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

*******************************************

## RAJNATH-IASV TRIVENI

മൂന്ന് സേനാവിഭാഗങ്ങളിലെയും വനിതാ സേനാംഗങ്ങൾ ചേർന്ന് നടത്തിയ 'സമുദ്ര പ്രദക്ഷിണം' രാജ്യത്തിന് വലിയ അഭിമാനമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. INSV ത്രിവേണിയിലെ പര്യവേഷണത്തിന്റെ സമാപന ചടങ്ങിൽ ഓൺലൈനായി സംസാരിക്കുകയായിരുന്നു അദ്ദേഹം. കേവലമൊരു കടൽയാത്രയ്ക്കപ്പുറം പ്രതിരോധ സേനകളുടെ കരുത്തിന്റെയും ഏകോപനത്തിന്റെയും തെളിവാണിതെന്ന് മന്ത്രി പറഞ്ഞു.

*************************************

## LS-VAISHNAW IT CHILDREN

എല്ലാവർക്കും സുരക്ഷിതവും സുതാര്യവും വിശ്വാസയോഗ്യവുമായ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ലോകസഭയിൽ പറഞ്ഞു. കുട്ടികളുടെ സ്വകാര്യത സംരക്ഷിക്കാൻ മാതാപിതാക്കളുടെ അനുമതി നിർബന്ധമാക്കുന്ന വ്യക്തിഗത വിവര സംരക്ഷണ നിയമവും, ഗെയിമിംഗ് ആസക്തി തടയാൻ 2025-ലെ ഓൺലൈൻ ഗെയിമിംഗ് നിയന്ത്രണ നിയമവും സഹായകരമാണ്. കുട്ടികൾക്ക് ദോഷകരമായ ഉള്ളടക്കങ്ങൾ പ്രചരിപ്പിക്കുന്നത് തടയാൻ ഐ.ടി. ചട്ടങ്ങൾ പ്രകാരം സോഷ്യൽ മീഡിയ കമ്പനികൾക്ക് ഉത്തരവാദിത്തമുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

*************************************

## MURUGAN OTT

അശ്ലീല ഉള്ളടക്കങ്ങൾ പ്രദർശിപ്പിച്ചതിനെ തുടർന്ന് കഴിഞ്ഞ രണ്ടു വർഷത്തിനിടെ രാജ്യത്ത് 50 ഒ.ടി.ടി പ്ലാറ്റ് ഫോമുകളുടെ പ്രവർത്തനം കേന്ദ്ര സർക്കാർ റദ്ദാക്കിയതായി കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ സഹമന്ത്രി എൽ. മുരുഗൻ. പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള ഡിജിറ്റൽ മാധ്യമങ്ങൾക്കും ഒ.ടി.ടി പ്ലാറ്റ് ഫോമുകൾക്കുമെതിരെ സർക്കാർ നടപടി സ്വീകരിക്കുന്നതെന്ന് ലോക്സഭയിൽ അദ്ദേഹം പറഞ്ഞു.

******* ***** **** ************** *** *****

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 136-ാം പതിപ്പ് ഈ ഞായറാഴ്ച. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും വെള്ളിയാഴ്ച വരെ പങ്കുവയ്ക്കാം.

******* ***** **** ************** *** *****

## DAY ASSAM FLOOD

അസമിൽ പ്രളയസാഹചര്യം അതീവ ഗുരുതരമായി തുടരുന്നു. 21 പേർ കൂടി മരിച്ചതോടെ പ്രളയത്തിൽ ആകെ മരണസംഖ്യ 31 ആയി ഉയർന്നു. സംസ്ഥാനത്തെ 16 ജില്ലകളിലായി 872 ഗ്രാമങ്ങൾ പൂർണ്ണമായും വെള്ളത്തിനടിയിലാണ്. ഏകദേശം 5 ലക്ഷത്തി 64,000-ത്തിലധികം ആളുകളെയാണ് പ്രളയം ബാധിച്ചിട്ടുള്ളത്. 24,000 ഹെക്ടറിലധികം കൃഷിഭൂമിയും വെള്ളത്തിനടിയിലായി. പ്രളയത്തെത്തുടർന്ന് സർക്കാർ തുറന്ന 71 ദുരിതാശ്വാസ ക്യാമ്പുകളിലായി 12,000-ത്തോളം പേരെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ദേശീയ-സംസ്ഥാന ദുരന്ത നിവാരണ- അഗ്നിശമനസേനകളുടെ നേതൃത്വത്തിൽ ദുരന്തബാധിത പ്രദേശങ്ങളിൽ രക്ഷാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

******* ***** **** ************** *** *****

## SIKKIM-TUNNEL BODIES

സിക്കിമിലെ നാംചി ജില്ലയിൽ അപകടമുണ്ടായ തുരങ്കത്തിൽ നിന്നും എട്ടുപേരുടെ മൃതദേഹങ്ങൾ കൂടി കണ്ടെത്തി. കാഴ്ചയ്ക്ക് നേരിടുന്ന

ബുദ്ധിമുട്ടും മീഥെയ്ൻ വാതകം ചോരുന്നതും രക്ഷാപ്രവർത്തനം ദുഷ്കരമാക്കിയതായി ഉദ്യോഗസ്ഥർ അറിയിച്ചു. ഇതുവരെ 13 മൃതദേഹങ്ങളാണ് കണ്ടെടുത്തത്. തുരങ്കത്തിനുള്ളിൽ 25 ലേറെ പേർ കുടുങ്ങിയിട്ടുണ്ടെന്നായിരുന്നു പ്രാഥമിക റിപ്പോർട്ടുകൾ.

*****************************************

## RUBIO– HORMUZ

ഹോർമുസ് കടലിടുക്കിന്റെ നിയന്ത്രണം ഇറാന് നൽകുന്നത് ആഗോള വ്യാപാരത്തിനും ഗതാഗത സ്വാതന്ത്ര്യത്തിനും വൻ ഭീഷണിയാകുമെന്ന് യു.എസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ. മനിലയിൽ ആസിയാൻ യോഗത്തിൽ സംസാരിക്കവേ, കഴിഞ്ഞ മാസത്തെ ചർച്ചാ വാഗ്ദാനങ്ങൾ ലംഘിച്ചതിന് ഇറാനെ അദ്ദേഹം കുറ്റപ്പെടുത്തി. പ്രശ്നപരിഹാരത്തിന് നയതന്ത്ര ചർച്ചകൾക്ക് അമേരിക്ക തയ്യാറാണെന്നും, അദ്ദേഹം വ്യക്തമാക്കി. എന്നാൽ അന്താരാഷ്ട്ര കപ്പൽച്ചാലായ ഹോർമുസ് തുറന്നുതന്നെ കിടക്കണമെന്നും, ബലപ്രയോഗത്തിലൂടെ കപ്പൽപ്പാതകൾ പിടിച്ചെടുക്കുന്നത് ആഗോള വാണിജ്യത്തെ തകർക്കുമെന്നും റൂബിയോ പറഞ്ഞു.

**************************************************************************************************************

****************